'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക്, കേരള എസ്റ്റേറ്റ് വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റന്റ്, ശ്രീമതി.നിഷ. ആർ.വി-യുടെ കുടുംബശ്രീ സംസ്ഥാന മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ - അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1556/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/07/2019

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ഫിൻ നമ്പർ സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ഫിൻ നമ്പർ ഉത്തരവ്

3 12.06.2018തീയതിയിലെ സ.ഉ(സാധാ)നം. 1594/2018/തസ്വഭവ നമ്പർ ഉത്തരവ്

4 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.05.2019 -ലെ

6238/ഇ1/2018/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

ഉത്തരവ്

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് കേരള എസ്റ്റേറ്റ് വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റന്റായ ശ്രീമതി. നിഷ.ആർ.വി-യെ കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിച്ചിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി 29/06/2019 തീയതിയിൽ അവസാനിക്കുന്ന സാഹചര്യത്തിൽ 30/06/2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് കേരള എസ്റ്റേറ്റ് വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റന്റായ ശ്രീമതി. നിഷ.ആർ.വി- യുടെ കുടുംബശ്രീ സംസ്ഥാന മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം 1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, മാനദണ്ഡങ്ങൾക്കും വിധേയമായി 30/06/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എൽ**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (ലാന്റ് റവന്യൂ കമ്മീഷണർ മുഖേന)

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ